**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1574** **08-12-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കുന്നതിന് പല കാരണങ്ങളാലും സാധിക്കാതെ വന്നിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാധ്യത നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | രജിസ്ട്രേഷൻ യഥാസമയം പുതുക്കാത്ത ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിലിന് പരിഗണിക്കാറില്ല. |
| (ബി) | പ്രസ്തുത ഉദ്യോഗർത്ഥികൾക്ക് രജിസ്ട്രേഷൻ മുൻകാല പ്രാബല്യത്തോടെ പുതുക്കി നൽകാൻ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ റദ്ദായ ഉദ്യോഗാർത്ഥികൾക്ക് ആയത് പുതുക്കുന്നതിന് കാലാകാലങ്ങളിൽ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്.<br><br>സർക്കാരിന്റെ ഒന്നാം വാർഷിക പരിപാടിയോടനുബന്ധിച്ച് 01/01/2000 മുതൽ 31/3/2022 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് 30/6/2022 വരെ സമയം അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>കൂടാതെ, എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായത് പുതുക്കി പുന:സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ ആയതിന്റെ മെറിറ്റ് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ